## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2153** — **07.07.2015 - ൽ മറുപടിക്ക്**

### ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായ വികസനം

ചോദ്യം
ശ്രീ. എം.. ഹംസ

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | (എ) : | വ്യവസായ വികസനത്തിനായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ 18 വ്യവസായ വികസന സെമിനാറുകളും 4 നിക്ഷേപക സംഗമങ്ങളും 2 ഇ.ഡി.പി. പരിശീലന പരിപാടികളും നടത്തി. ഇവയിലൂടെ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും കഴിഞ്ഞിട്ടുണ്ട്. 21 സംരംഭകർക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും സ്വയം തൊഴിൽ വായ്പയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | വിദേശ മലയാളികളുടെ സഹകരണത്താൽ വ്യവസായ വികസനത്തിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) : | വിദേശ മലയാളികളുടെ സഹകരണത്താൽ വ്യവസായ വികസനത്തിനായി കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല. പ്രവാസി സംഘടനകളുമായി ബന്ധപ്പെട്ട് വ്യവസായ നിക്ഷേപം നടത്തുവാൻ താത്പര്യമുള്ളവർക്കായി ജില്ലാ തലത്തിൽ സെമിനാർ നടത്തുകയുണ്ടായി. |
| (സി) | 2006-2011 കാലത്തും 2011-2015 കാലത്തും നഷ്ടത്തിലും ലാഭത്തിലും പ്രവർത്തിച്ച വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ ; | (സി) : | 2006-2011 കാലത്തും 2011-2015 കാലത്തും നഷ്ടത്തിലും ലാഭത്തിലും പ്രവർത്തിച്ച പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ വൻകിട/ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലാവാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ ; | (ഡി) : | സംസ്ഥാനത്തെ വൻകിട/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |
| (ഇ) | നഷ്ടത്തിലായിട്ടുള്ള വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കാനുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (ഇ) : | പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള പ്രധാന നിർദ്ദേശങ്ങൾ അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്

ജകു/02/07